**പതിനാലാം കേരള നിയമസഭ**

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2438 12.02.2020-ലെ മറുപടിയ്ക്ക്

**ചെങ്ങന്നൂരിലെ മൾട്ടി പർപ്പസ് സ്റ്റേഡിയം നിർമ്മാണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സജി ചെറിയാൻ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്വിമ്മിങ്ങ് യാർഡ് ഉൾപ്പെടെ വിവിധ മത്സരങ്ങൾ നടത്തുന്നതിനുള്ള മൾട്ടി പർപ്പസ് സ്റ്റേഡിയം ചെങ്ങന്നൂരിൽ നിർമ്മാണ പുരോഗതിയിലാണോ; | (എ) | കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ആലപ്പുഴ ജില്ലയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഉദയകുമാർ സ്റ്റേഡിയത്തിന്റെ നിർമ്മാണം പുരോഗമിക്കുകയാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ഇൻഡോർ സ്റ്റേഡിയം, സ്വിമ്മിംഗ് പൂൾ, നാച്ചുറൽ ഫുട്ബോൾ ടർഫ്, 8 ലൈൻ സിന്തറ്റിക് അത്ലറ്റിക് ട്രാക്ക്, പവലിയൻ കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണമാണ് പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ പദ്ധതിയുടെ 18% നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | ആലപ്പുഴ ജില്ലയിലെ എല്ലാ കോളേജുകളെയും ഹൈസ്കൂളുകളെയും കേന്ദ്രീകരിച്ചുകൊണ്ട് സ്പോർട്ട്സിലും ഗെയിംസിലും പ്രാവീണ്യമുള്ള കുട്ടികളെ കണ്ടെത്തി ഭാവിയിൽ അവരെ അഖിലേന്ത്യാ മത്സരങ്ങളിൽ പ്രാവീണ്യരാക്കുന്ന അവധിക്കാല പരിശീലനം ഈ സ്റ്റേഡിയത്തിൽ നടത്തുന്നതിനുള്ള സമഗ്ര പദ്ധതിക്ക് രൂപം നൽകുന്നതിന് സ്പോർട്ട്സ് കൗൺസിലിന് നിർദ്ദേശം നൽകുന്ന കാര്യം പരിഗണിക്കുമോ എന്ന് അറിയിക്കുമോ? | (ബി) | സ്റ്റേഡിയം നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**